**<u>ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന നേപ്പാൾ പ്രസിഡണ്ടിന്റെ ഇന്ത്യാ സന്ദർശനത്തെ കുറിച്ചുള്ള പത്രക്കുറിപ്പ് (ഏപ്രിൽ 17-21, 2017)</u>**

ഏപ്രിൽ 19, 2017

1. ഇന്ത്യൻ രാഷ്ട്രപതി ശ്രീ പ്രണബ് മുഖർജിയുടെ ക്ഷണം സ്വീകരിച്ച് നേപ്പാൾ പ്രസിഡണ്ട് റൈറ്റ്. ഓണറബിൾ ബിദ്യ ദേവി ഭണ്ഡാരി, ഏപ്രിൽ 17-21, 2017 മുതൽ ഇന്ത്യയിൽ ഔദ്യോഗിക സന്ദർശനം നടത്തുകയാണ് . ഒക്ടോബർ 2015 ൽ പ്രസിഡണ്ടായി സ്ഥാനം ഏറ്റെടുത്തതിന് ശേഷം ഇതാദ്യമായാണ് നേപ്പാൾ പ്രസിഡണ്ട് ഔദ്യോഗിക സന്ദർശനം നടത്തുന്നത്

2. നേപ്പാൾ പ്രസിഡണ്ടിനൊപ്പം ഉന്നതതല പ്രതിനിധി സംഘം സന്ദർശനം നടത്തുന്നുണ്ട്. വിദേശകാര്യ മന്ത്രി, ഡോ. പ്രകാശ് ശരൺ മഹത്, സമാധാനം& പുനർനിർമാണ വകുപ്പ് മന്ത്രി മിസ് സീതാ ദേവി യാദവ്, ഗവൺമെന്റ് ഓഫ് നേപ്പാളിലെ പാർലമെന്റ് അംഗങ്ങൾ, മറ്റ് ഉയര്ന്ന ഉദ്യോഗസ്ഥർ എന്നിവരും സംഘത്തിൽ ഉൾപ്പെടുന്നു.

3. ഏപ്രിൽ 18നു രാഷ്ട്രപതിഭവനിലെ ഫോർകോർട്ടിൽ നേപ്പാൾ പ്രസിഡണ്ടിന് ആചാരപരമായ സ്വാഗതം നല്കി. നേപ്പാൾ പ്രസിഡണ്ട് രാജ്ഘട്ട് സന്ദർശിക്കുകയും മഹാത്മാഗാന്ധിക്ക് ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു. യമുനാ നദിയുടെ കരയിലെ പരിസ്ഥിതിയെ പരിപാലന സംരക്ഷണം ശ്രമത്തെ പ്രദർശിപ്പിക്കുന്ന യമുന ജൈവ -വൈവിധ്യ പാർക്ക് അവർ സന്ദർശിച്ചു

4.. ഇന്ത്യയുടെ രാഷ്ട്രപതി ശ്രീ പ്രണബ് മുഖർജി, ഇന്ത്യയുടെ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി എന്നിവർ നേപ്പാൾ പ്രസിഡണ്ട് ഏപ്രിൽ 18നു ചർച്ചകൾ നടത്തി. ഈന്തയ്യുടെ ഉപരാഷ്ട്രപതി ശ്രീ എം. ഹമീദ് അൻസാരി, കേന്ദ്ര ആഭ്യന്തര വകുപ്പ് മന്ത്രി ശ്രീ രാജ്നാഥ് സിംഗ്, കേന്ദ്ര വിദേശകാര്യ മന്ത്രി ശ്രീമതി സുഷമ സ്വരാജ്, കേന്ദ്ര ധനം, പ്രതിരോധ വകുപ്പുമന്ത്രി ശ്രീ അരുൺ ജെയ്റ്റ്ലി എന്നിവർ റൈറ്റ് ഓണറബിൾ നേപ്പാൾ പ്രസിഡണ്ടുമായി കൂടിക്കാഴ്ച നടത്തി . സിഐഐ, ഫിക്കി,അസോചം എന്നിവർ സംയുക്തമായി സന്ദർശനം നടത്തുന്ന വിശിഷ്ടവ്യക്തിയോടുള്ള ബഹുമാനാർഥം ബിസിനസ് സമൂഹവുമായുള്ള ഒരു ചർച്ച സംഘടിപ്പിച്ചു. ഇന്ത്യയുടെ രാഷ്ട്രപതി

ശ്രീ പ്രണബ് മുഖർജി, നേപ്പാൾ പ്രസിഡണ്ടിനോടുള്ള ആദരസൂചകമായി ഔദ്യോഗിക സൽക്കാരത്തിന് ആതിഥ്യം അരുളി

5. പങ്ക് വയ്ക്കപ്പെട്ട ചരിത്രം, പൊതു സാംസ്ക്കാരിക ധർമവിചാരങ്ങൾ , തുറന്ന അതിർത്തികളിലൂടെ ദീർഘകാലമായി നിലനിന്നു പോരുന്ന വളരെ അടുപ്പമുള്ളതും , തീവ്രവുമായ ജനങ്ങൾക്കിടയിലെ ബന്ധങ്ങൾ എന്നിവയിൽ നിന്നുമാണ് ഇന്ത്യാ-നേപ്പാൾ ബന്ധങ്ങൾ തങ്ങളുടെ ശക്തിയും വീര്യവും ആർജിക്കുന്നതെന്ന് ഇരു ഭാഗവും ചൂണ്ടിക്കാണിക്കുകയുണ്ടായി. 'അയൽപക്കം ആദ്യം' എന്ന തങ്ങളുടെ നയത്തിന് നൽകുന്ന പ്രാധാന്യത്തെക്കുറിച്ച് ഇന്ത്യൻ നേതൃത്വം ആവർത്തിച്ചു , അതോടൊപ്പം എല്ലാ മേഖലയിലും നേപ്പാളുമായുള്ള ബന്ധം ശക്തിപ്പെടുത്തുവാൻ ഇന്ത്യ നൽകുന്ന പ്രാധാന്യത്തെയും ചൂണ്ടിക്കാണിച്ചു. നേപ്പാളിന്റെ നന്മയ്ക്ക് വേണ്ടി സാമൂഹ്യ-സാമ്പത്തിക മാറ്റങ്ങൾ കൈവരിക്കുവാനുള്ള നേപ്പാളിന്റെ യത്നങ്ങൾക്ക് പിന്തുണ ഇന്ത്യൻ നേതൃത്വം പ്രകടിപ്പിച്ചു . സമാധാനം, സ്ഥിരത, എല്ലാ മേഖലകളിലെയും വികസനം എന്നിവയ്ക്ക് വേണ്ടിയുള്ള ദേശീയ ശ്രമങ്ങൾക്ക് നേപ്പാളിലെ സൌഹൃദമനസ്കരായ ജനങ്ങൾക്ക് ഇന്ത്യയിലെ ജനങ്ങളുടെയും ഇന്ത്യാ ഗവൺമെന്റിന്റെയും ആശംസകൾ അവർ നേപ്പാളിനെ അറിയിച്ചു . തങ്ങളുടെ സമൂഹത്തിലെ എല്ലാ മേഖലയിലെയും വിഭാഗങ്ങളെ ചേർത്തുകൊണ്ടു ചർച്ചകളിലൂടെ ഭരണഘടനാ നടപ്പാക്കൽ പ്രക്രിയ മുന്നോട്ട് കൊണ്ടുപോകാനുള്ള നേപ്പാൾ ഗവൺമെന്റിന്റെ ഇപ്പോൾ നടക്കുന്ന ശ്രമങ്ങൾക്ക് ഇന്ത്യൻ നേതൃത്വം പിന്തുണ ആവർത്തിച്ചു

6. ഇരു രാജ്യങ്ങളുടെയും ഇടയിൽ , വൈവിധ്യമാർന്ന മേഖലകളിൽ നിലനിൽക്കുന്ന , കാലങ്ങൾ പഴക്കമുള്ള , വളരെ അടുപ്പവും സൌഹൃദവുമുള്ള ബന്ധങ്ങൾ കൂടുതൽ ശക്തമാക്കുവാനുള്ള പ്രതിബദ്ധതയെ ചർച്ചകൾക്കിടെ, നേപ്പാൾ പ്രസിഡണ്ട് ആവർത്തിച്ചു പറഞ്ഞു . ഇന്ത്യയിലെ സൌഹൃദം നിറഞ്ഞ ജനങ്ങളോട് നേപ്പാൾ ജനങ്ങളുടെയും ഗവൺമെന്റിന്റെയും ആശംസകൾ അവർ അറിയിച്ചു . നേപ്പാളിന്റെ സാമൂഹ്യ-സാമ്പത്തിക വികസനത്തിന് , പ്രത്യേകിച്ചും ഭൂകമ്പത്തെത്തുടർന്നുണ്ടായ പുനർനിർമാണ പ്രക്രിയകളിൽ ഇന്ത്യ നല്കിയ പിന്തുണയ്ക്കും ഇന്ത്യ തുടർച്ചയായി നല്കി വരുന്ന പിന്തുണക്കും അവർ നന്ദി പറഞ്ഞു . പരസ്പര ധാരണ, പരസ്പരം പ്രയോജനം, സന്നദ്ധത എന്നിവയിൽ അടിസ്ഥാനമാക്കി ഇരു രാജ്യങ്ങൾക്കുമിടയിലെ ബന്ധത്തെ മുന്നോട്ട് കൊണ്ടുപോകാനുള്ള നേപ്പാളിന്റെ പ്രതിബദ്ധതയെ അവർ അറിയിച്ചു. രാഷ്ട്രപതിഭവനിലെ

തന്റെ താമസത്തിനിടെ തനിക്ക് നല്കിയ സ്വീകരണത്തിനും ഊഷ്മളമായ ആതിഥ്യ മര്യാദകൾക്കും നേപ്പാൾ പ്രസിഡണ്ട് ഇന്ത്യയുടെ രാഷ്ട്രപതിയോടുള്ള നന്ദി രേഖപ്പെടുത്തി

7. വ്യാപാരം, സാമ്പത്തികം, നിക്ഷേപങ്ങൾ, ജല സ്രോതസ്സുകൾ, ഊർജ്ജ സഹകരണം, സുരക്ഷാ, ഭൂകമ്പത്തിന് ശേഷമുള്ള പുനർനിർമാണ ശ്രമങ്ങൾ , സാംസ്ക്കാരികം, വിദ്യാഭ്യാസം, ജനങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ തുടങ്ങി രണ്ടു രാജ്യങ്ങളുടെയും ഇടയിൽ നിലവിൽ സഹകരണം ഉള്ള മേഖലകളിൽ ഈ അടുത്ത മാസങ്ങളിൽ എല്ലാ തലങ്ങളിലും ഉണ്ടായ തീവ്രമായ ഉഭയകക്ഷി വിനിമയങ്ങളിൽ സംതൃപ്തി ഇരു വിഭാഗവും രേഖപ്പെടുത്തി . ഈ വിനിമയങ്ങൾ ഇരു ജനതയുടെയും പങ്കുവയ്ക്കപ്പെടുന്ന പുരോഗതിയിലും വികസനത്തിനുമായുള്ള ഉഭയകക്ഷി സഹകരണത്തിലെ വിശാലമായ ക്യാൻവാസിൽ പ്രതിഫലിക്കും

8. ഇപ്പോൾ നിലവിലുള്ള ഗതാഗതം, വികസന പദ്ധതികൾ എന്നിവ നടപ്പാക്കിയതിനെ ഇരു വിഭാഗവും സകാരാത്മകമായ രീതിയിൽ വിലയിരുത്തുകയും , നിരവധി വികസന പദ്ധതികൾ ത്വരിതവേഗത്തിൽ നടപ്പാക്കുവാനുള്ള അടുതകാലത്തുണ്ടായ ശ്രമങ്ങളിൽ, പ്രത്യേകിച്ചും അതിർത്തിക്ക് കുറുകേയുള്ള ഗതാഗത പദ്ധതികൾ- ടെരായി റോഡുകൾ, ക്രോസ് ബോർഡർ റെയിൽ ബന്ധങ്ങൾ, ഇന്റഗ്രേറ്റഡ് ചെക് പോസ്റ്റുകൾ , അതിർത്തി കടന്നുള്ള പെട്രോളിയം ഉത്പന്നങ്ങളുടെ പൈപ് ലൈൻ തുടങ്ങിയവയിൽ - സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു

. നേപ്പാളിലെ ഹൈഡ്രോപവർ പദ്ധതികളുടെ വികസനം ,ഊർജ്ജ വ്യാപാരം. അതിർത്തിക്കു കുറുകെ ഉയർന്ന- ക്ഷമത ട്രാൻസ്മിഷൻ ലൈനുകൾ ഉൾപ്പെടെ ഉഭയകക്ഷി ഊർജ്ജ സഹകരണ വഴിയിലുണ്ടാകുന്ന വികസനത്തിൽ ഇരു വിഭാഗവും സംതൃപ്തി രേഖപ്പെടുത്തുകയുണ്ടായി

9. ഉഭയകക്ഷി ബന്ധങ്ങളിലെ എല്ലാ മേഖലകളും അവലോകനം ചെയ്യുവാൻ ഇരു വിഭാഗത്തിനുമുള്ള അവസരം നേപ്പാൾ പ്രസിഡണ്ടിന്റെ ഇപ്പോൾ നടക്കുന്ന ഔദ്യോഗിക സന്ദർശനത്തിലൂടെ ലഭിച്ചു , അതോടൊപ്പം ഇന്ത്യാ-നേപ്പാൾ പങ്കാളിത്തത്തെ, പരസ്പരം പ്രയോജനകരമായ രീതിയിൽ വൈവിധ്യമാർന്ന മേഖലകളിലൂടെ ഒരു

പുതിയ തലത്തിലേക്ക് ഉയർത്തുവാനുള്ള തങ്ങളുടെ പ്രതിബദ്ധതയെ ഉറപ്പിക്കുവാനും ഇതിലൂടെ സാധിച്ചു

10. നേപ്പാൾ പ്രസിഡണ്ട് ഏപ്രിൽ 19നു ഉച്ചക്ക് മുൻപെ ഗുജറാത്തിലെ രാജ്കോട്ടിലേക്ക് യാത്രയാകും, അവിടെ സോമനാഥ്, ദ്വാർകാധീശ് ക്ഷേത്രങ്ങൾ സന്ദർശിച്ചു അവർ പ്രാർഥനകൾ നടത്തും. ഗുജറാത്ത് മുഖ്യമന്ത്രിയെ നേപ്പാൾ പ്രസിഡണ്ടിനോടുള്ള ആദരസൂചകമായി രാജ്കോട്ടിൽ ഒരു സൽക്കാരത്തിന് ആതിഥ്യമരുളും

11. അതിനു ശേഷം നേപ്പാൾ പ്രസിഡണ്ട് , ഭുവനേശ്വറിലേക്ക് യാത്രയാകും. ഒഡിഷയിലെ തന്റെ സന്ദർശനത്തിനിടയിൽ , അവർ ഒഡീഷ ഗവൺമെന്റിന്റെ സ്ത്രീ ശാക്തീകരണ സംരംഭങ്ങൾ നിരീക്ഷിക്കും , അതോടൊപ്പം പുരിയിലെ ജഗന്നാഥ് ക്ഷേത്രത്തിലും ഭുവനേശ്വറിലെ ലിംഗരാജ് ക്ഷേത്രത്തിലും പ്രാർഥിക്കുകയും ചെയ്യും . നേപ്പാൾ പ്രസിഡണ്ടിന്റെ ബഹുമാനാർഥം ഒഡീഷ ഗവർണർ ഭുവനേശ്വറിൽ ഒരു സൽക്കാരം ഒരുക്കുകയും ചെയ്യും

12. തനിക്കും തന്റെ പ്രതിനിധികൾക്കും നല്കിയ അതീവ വിശിഷ്ടമായ ആതിഥ്യമര്യാദകൾക്ക് നേപ്പാൾ പ്രസിഡണ്ട് ഇന്ത്യയിലെ ജനങ്ങളോടും ഗവൺമെന്റിനോടുമുള്ള നന്ദി അറിയിച്ചു. ഇരു രാജ്യങ്ങൾക്കുമിടയിൽ നിലനിൽക്കുന്ന ഉന്നതതല വിനിമയങ്ങളുടെ ഭാഗമായാണ് ഇപ്പോൾ നടക്കുന്ന ഔദ്യോഗിക സന്ദർശനം , ഇത് ഇന്ത്യക്കും നേപ്പാളിനും മദ്ധ്യേ നിലനിൽക്കുന്ന സൌഹൃദവും സഹകരണവും നിറഞ്ഞ ബന്ധങ്ങളെ ഇനിയും കൂടുതൽ ശക്തമാക്കും

ന്യൂഡെൽഹി
ഏപ്രിൽ 19, 2017